(ബി) മദ്യനിരോധനത്തിൽനിന്നുണ്ടാകുന്ന നഷ്ടംകൂടി പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു് ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫ,വ ളു,ന ഠ,ന ഴ വ ഉറപ്പിക.

(ബി) അതേ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഫൻ ളു ഠ-ൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു കണക്കുനോക്കാതെ പറയാൻ സാധ്യമല്ല.

## ഗൃഹനിർമ്മാണപദ്ധതി

* ഫ ഫൻ ൎ. (൪) ശ്രീമതി ദേവകീഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ആലപ്പുഴ പട്ടണത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര; സ്വന്തമായി വീടുകൾ ഇല്ലാത്തവർ എത്ര ;

(ബി) ഗൃഹനിർമ്മാണപദ്ധതിയനുസരിച്ചു് ആലപ്പുഴ പട്ടണത്തിൽ എത്ര ഗൃഹങ്ങൾ നിർമ്മിക്കാമെന്നാണു് ഗവർമ്മെൻറു് നിശ്ചയിച്ചിട്ടുള്ളതു് ;

(സി) അതിൽ എത്ര എണ്ണം തീർന്നു ; തീർന്നതിൽ എത്രയെണ്ണം വാടകയ്ക്കു കൊടുത്തു ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കണക്കുകൾ ശേഖരിച്ചുവരികയാണു്.

(ബി) തല്ക്കാലം മുനിസിപ്പൽ തൊഴിലാളികൾക്കുവേണ്ടി ൨൫ വീടുകൾ നിർമ്മിച്ചിട്ടുണ്ടു്. പദ്ധതി പുരോഗമിക്കുന്നതോടുകൂടി കൂടുതൽ വീടുകൾ നിർമ്മിക്കുന്നതായിരിക്കും. ഇപ്പോൾ എണ്ണം ക്ലിപ്തപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

(സി) ൨൫ എണ്ണം തീർത്തു മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസു് : ആലപ്പുഴ പട്ടണത്തിൽ ഉണ്ടാക്കിയിട്ടുള്ള വീടുകളിൽ ഹരിജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതു് എത്രയെണ്ണമാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : മുനിസിപ്പാലിറ്റിയിലെ ജോലിക്കാർക്കുവേണ്ടിയാണു് അവ പണിതിട്ടുള്ളതു്. അവരുടെ കൂട്ടത്തിൽ ഹരിജനങ്ങളുമുണ്ടായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ വീടുകൾ മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടു് എത്രകാലമായി ?

ശ്രീ. ടി. കെ. നാരായണപിള്ള : നാലഞ്ചുമാസമായിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇതിനകം ആക്കെങ്കിലും വീടുകൾ താമസത്തിനു കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പണിതു മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടുണ്ടു്. അതു താമസത്തിനു കൊടുക്കുന്നതു മുനിസിപ്പാലിറ്റി ചെയ്യേണ്ടതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : മുനിസിപ്പാലിറ്റി ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ ഇല്ലയോയെന്നു ഗവർമ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അനേഷിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അനേഷിച്ചിട്ട്, ആക്കെങ്കിലും കൊടുത്തിട്ടുണ്ടോന്നോ കൊടുത്തിട്ടില്ലെന്നോ മനസ്സിലാക്കാൻ കഴിഞ്ഞതു?

ശ്രീ. ടി. കെ. നാരായണപിള്ള : ചില വീടുകൾ കൊടുത്തിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ് : എന്തടിസ്ഥാനത്തിലാണ് വീടുകൾ കൊടുക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു ചില പ്രത്യേക വ്യവസ്ഥകളുണ്ട്. അതു മുമ്പ് പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട്. അതായതു് ൫൦ കൊല്ലംകൊണ്ടു ചിലവായ തുക മുഴവനും ഗവണ്മെൻറിലേക്കു് ഈടാക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകളിന്മേലാണ് കൊടുക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : വീടുകൾ കൊടുക്കുന്നതു ഏതെല്ലാം കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്? അതായതു്, ഒരാളിനു വീടു കൊടുക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : വീടുകൾ പണിതു മനിസിപ്പാലിറ്റിയെ ഏല്പിച്ചിരിക്കയാണ്. ആക്കെല്ലാം കൊടുക്കണമെന്നുള്ളതു മനിസിപ്പാലിറ്റി തന്നെയാണു് തീരുമാനിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ആലപ്പുഴ പട്ടണത്തിലെ ചതുപ്പുനിലം നികത്തുന്നതിനു വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആലോചനയുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ വീടുകൾ പണിയുന്നതിൻറെ ചെലവു ഗവണ്മെൻറാണോ മനിസിപ്പാലിറ്റിയാണോ വഹിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെണ്ടാണു് വഹിക്കുന്നതു്. അതു തവണകളായി ഗവർമ്മെൻറിലേക്കു അടയ്ക്കണമെന്നവ്യവസ്ഥയുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പുഴയിലെ ചതുപ്പുനിലം എത്രകാലത്തിനകം നികത്തണമെന്നാണു് ഗവർമ്മെൻറു് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു നികത്തണമെന്നുള്ള ഒരാലോചന മാത്രമേ ഇപ്പോഴുള്ളൂ. അതിനെ സംബന്ധിച്ചു അവസാന തീരുമാനങ്ങളൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴെ ചവളക്കുത്തുവിലുള്ള പഴയ വീടുകൾ പൊളിച്ചുകളഞ്ഞിട്ടു പുതുതായ വീടുകൾ നിർമ്മിച്ചുകൊടുക്കണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. കെ. പാപ്പുപിള്ള: ഈ വീടുകളുടെ വാടക എത്രയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പലതിനേയും അടിസ്ഥാനപ്പെടുത്തിയാണു് നിശ്ചയിക്കുന്നതു്.

ശ്രീ. ഏ. കെ. പാപ്പുപിള്ള: ശരാശരി എന്നുവരും എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ വി. ഏ. അബ്ദുൾ അസീസ്: വീടില്ലാത്തവരുടെ എല്ലാം കണക്കു മാർച്ചു് ന. ഫ - ാംനു-ക്കകം ഗവർമ്മെൻറു എടുക്കുന്നതാണെന്നു പറഞ്ഞിരുന്നു. ആ കണക്കുകൾ മുഴവൻ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: മാർച്ച് 31 ഫ്രാങ്കിംഗ് കണക്കുകളും രേഖപ്പെടുത്തിക്കണമെന്നതിനെയാണ് ഗവർമ്മെൻറ് ഉദ്ദേശിച്ചിരുന്നത്. അതനുസരിച്ച് ചില താലൂക്കുകളിൽനിന്നും കണക്കുകൾ കിട്ടിയിട്ടുണ്ട്. ചില താലൂക്കുകളിലേയ്ക്ക് ഇനിയും കിട്ടിയിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: അതിനുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് ഞാനിപ്പോൾ പറഞ്ഞത്. ചില താലൂക്കുകളിൽനിന്നും കിട്ടിയിട്ടുണ്ട്. ചില താലൂക്കുകളിലേയ്ക്ക് ഇനിയും കിട്ടാനുണ്ട്.

ശ്രീ. എ. താണുപിള്ള: മുനിസിപ്പാലിറ്റിയെ എല്പിച്ചു കെട്ടിടങ്ങൾക്കു ചെലവായ മുഴുക തവണകളായി മുനിസിപ്പാലിറ്റിതന്നെ ഗവൺമെൻറിലേക്ക് അടയ്ക്കണമെന്നാണോ, അതോ അതിൽ താമസിക്കുന്ന ആളുകൾ അടയ്ക്കണമെന്നാണോ വ്യവസ്ഥ?

ശ്രീ. ടി. കെ. നാരായണപിള്ള: മുനിസിപ്പാലിറ്റിതന്നെ അടയ്ക്കണമെന്നാണ് വ്യവസ്ഥ. അതിനെ സംബന്ധിച്ചു മുനിസിപ്പാലിറ്റിയുമായി ഒരു ഉടമ്പടിയുമുണ്ട്.

## ഗൃഹനിർമ്മാണപദ്ധതി

*ഫ്രാൻ 8. (എ) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗൃഹനിർമ്മാണപദ്ധതി എത്ര കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആകെ എത്ര വീടുകൾ പണിയണമെന്നാണ് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇപ്പോഴത്തെ പദ്ധതി 10 കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നു വിചാരിക്കുന്നു.

(ബി) ഇപ്പോഴുള്ള രണ്ടാൽസരപദ്ധതിയനുസരിച്ചു 25,000 വീടുകളെങ്കിലും നിർമ്മിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ദേവകി ഗോപിദാസ്: കൊച്ചി വിഭാഗത്തിൽ എത്ര വീടുകൾ പണിയണമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞകൊല്ലംതന്നെ തേവര, ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ കുറെ വീടുകൾ പണിതിട്ടുണ്ട്. ഇക്കൊല്ലവും കുറെ വീടുകൾ പണിയണമെന്നു ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. എ. മാത്യു: ഭവന നിർമ്മാണത്തിനു ആവശ്യമായ പ്ലാനുകളും മറ്റു വിദഗ്ദ്ധോപദേശങ്ങളും ഗവൺമെൻറിലേക്ക് തരുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പലതരം ടൈപ്പുകൾ പരിശോധിച്ചതിനുശേഷം രണ്ടുമൂന്നു ടൈപ്പുകൾ ഗവൺമെൻറ് തെരഞ്ഞെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള വീടുകളാണ് ഇപ്പോൾ പണിയിക്കുന്നത്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ ദശവത്സരപദ്ധതി എന്താണെന്നു മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അതെവിടെപ്പോയാൽ സാധിക്കും?

LIBRARY ARCHIVES Kerala Legislative Assembly